2014-15	2102.1	1931.775
2015-16	1271	620.40

(നവംബർ മാസം വരെ)

നോൺപ്ലാൻ	വിഹിതം	ചെലവ്
2011-12	2213	2166
2012-13	2026.8	2241
2013-14	2622	2481
2014-15	2891	2681.87
2015-16	3391	2096

(നടപ്പു സാമ്പത്തിക വർഷം)

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവശേഷിക്കുന്ന പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

കൃത്രിമ ജല പരിപോഷണം

226(2695) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പിന് കീഴിൽ കൃതിമ ജല പരിപോഷണ (ആർട്ടിഫിഷ്യൽ റീചാർജ്)-ത്തിനുവേണ്ടി ഉക വകയിരുത്താറുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ ഈ വർഷം മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അപേക്ഷ ലഭിച്ചു എന്നും അവയിൽ ഏതെല്ലാം പ്രോജക്ടുകൾ അംഗീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉക വകയിരുത്താറുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽനിന്നും ഉറന്ന കിണർ റീ-ചാർജ് ചെയ്യുന്ന 3 പദ്ധതികൾ സമർപ്പിക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഹൈസ്കൂൾ, വെട്ടത്തൂർ	-	79,000
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, വെട്ടത്തൂർ	-	1,08,500
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, ഉഗ്രപുരം	-	97,900
ആകെ		2,85,400

ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ

227(2696) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ.എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി., എ.ആർ.ഡബ്ല്യു. എസ്.എസ്. തിരുതല പഞ്ചായത്ത്/മറ്റു സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭ ജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. രാജീവ്ഗാന്ധി പദ്ധതിയിലുൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly